**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 95** **18-01-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്ത് പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ,<br>ശ്രീ. ഇ കെ വിജയൻ,<br>ശ്രീ . മുല്ലക്കര രത്നാകരൻ ,<br>ശ്രീ. വി. ആർ. സുനിൽ കുമാർ | | Shri G. Sudhakaran<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് പ്രവൃത്തികൾ പരിശോധിക്കുന്നതിനായി ജനപ്രതിനിധികളെയും സാങ്കേതിക വിദഗ്ധരെയും ഉൾപ്പെടുത്തി നടത്തുന്ന സോഷ്യൽ ഓഡിറ്റിംഗിനെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ; | (എ) | പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെയും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്റെയും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിന്റെയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന്റെയും ഭാഗമായി 05.01.2018 ലെ ജി.ഒ(എം.എസ്) നം.1/2018/പൊമവ പ്രകാരം സോഷ്യൽ ഓഡിറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സോഷ്യൽ ഓഡിറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ അഴിമതി രഹിതമാക്കാൻ സഹായിക്കുന്നതാണ്. മേൽ സർക്കാർ ഉത്തരവ് പ്രകാരം ജില്ലാതലത്തിൽ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. മേൽസമിതികളിൽ ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനും ജില്ലാ പഞ്ചായത്ത്/മുനിസിപ്പാലിറ്റി പ്രതിനിധികൾ, വിരമിച്ച എഞ്ചിനീയർമാർ തുടങ്ങിയവർ അംഗങ്ങളുമാണ്. മേൽ സമിതികൾ പുന:ക്രമീകരിക്കേണ്ടതുണ്ട്. |
| (ബി) | പൊതുമരാമത്ത് വകുപ്പിലെ അഴിമതി കുറയ്ക്കുന്നതിന് സോഷ്യൽ ഓഡിറ്റിംഗ് സഹായകരമായിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നിർമ്മാണ പ്രവൃത്തികളിൽ സോഷ്യൽ ഓഡിറ്റിംഗ് നിഷ്കർഷിച്ചിട്ടുള്ളതിനാൽ പ്രവൃത്തികളുടെ മേൽനോട്ടത്തിലും ഗുണമേന്മയിലും ജാഗരൂകരാകുവാൻ ഉദ്യോഗസ്ഥർക്ക് സഹായകരമാകുന്നതാണെങ്കിലും ഫലപ്രദമായി ഈ സമിതികൾ ചേർന്നിട്ടില്ല. |
| (സി) | പ്രൈസ് സോഫ്റ്റ്‌വെയർ ഏർപ്പെടുത്തിയത് ഏതൊക്കെ വിധത്തിൽ ഗുണകരമായെന്നും ആയത് എത്രത്തോളം ഫലപ്രദമാണെന്നും വ്യക്തമാക്കുമോ; | (സി) | പ്രവൃത്തികളുടെ എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നതിനും, ആവശ്യമായ തിരുത്തലുകൾ വരുത്തി ഭരണാനുമതി/ സാങ്കേതികാനുമതി എന്നിവ കാര്യക്ഷമമായും വേഗത്തിലും നടപ്പിലാക്കുന്നതിന് PRICE സോഫ്റ്റ് വെയർ വളരെയധികം സഹായമായിട്ടുണ്ട്. കൂടാതെ ടെണ്ടർ നടപടികൾ, മെഷർമെന്റ് ബുക്ക്, ലെവൽസ്, റിവൈസ്ഡ് എസ്റ്റിമേറ്റ്, ബില്ല് തയ്യാറാക്കൽ |

| | | | |
|---|---|---|---|
| | | | എന്നിവയും PRICE സോഫ്റ്റ് വെയർ മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പ്രവൃത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനും വേഗത്തിൽ നടപ്പിലാക്കാനും ഇതുവഴി കഴിയുന്നുണ്ട്. നിലവിൽ പ്രൈസ് സോഫ്റ്റ് വെയറിന്റെ പുതിയ പതിപ്പായ PRICE 3.0 നടപ്പിലാക്കിവരുന്നു. ഇതുവഴി പ്രവൃത്തികൾ സുതാര്യമായും സമയബന്ധിതമായും കൃത്യതയോടുകൂടിയും നടപ്പിലാക്കുവാൻ സാധിക്കുന്നു. |
| (ഡി) | വകുപ്പിൽ ഏർപ്പെടുത്തിയ ഇ-ടെണ്ടർ സംവിധാനത്തിന്റെ സവിശേഷതകൾ വ്യക്തമാക്കുമോ; എന്തൊക്കെ മാറ്റങ്ങളും നേട്ടങ്ങളുമാണ് ഈ സംവിധാനം നടപ്പിൽ വരുത്തിയതുവഴി ഉണ്ടായിട്ടുള്ളതെന്നറിയിക്കുമോ; | (ഡി) | പൊതുമരാമത്ത് വകുപ്പിൽ 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ പ്രവൃത്തികളുടെയും ടെണ്ടർ നടപടികൾ പൂർണ്ണമായും കേരള സർക്കാരിന്റെ ഇ-പ്രൊക്യൂർമെന്റ് സിസ്റ്റം ആയ e-tender.kerala.gov.in വഴിയാണ് നിലവിൽ നടപ്പാക്കി വരുന്നത്. പ്രസ്തുത വെബ്സൈറ്റ് പൊതുജനങ്ങൾക്കും കരാറുകാർക്കും ഏത് സമയവും പ്രാപ്യമാണ്. e-tender നടപ്പാക്കുന്നതിലൂടെ കൂടുതൽ പ്രചാരം ടെണ്ടറുകളിൽ ലഭിക്കുകയും ടെണ്ടറുകളിൽ ആരോഗ്യകരമായ മത്സരസ്വഭാവം, സുതാര്യത, കൂടാതെ ടെണ്ടറുകൾ ഫലപ്രദമായും സമയബന്ധിതമായി നടപ്പാക്കുന്നതിനും ഇത് വഴി സാധിച്ചിട്ടുണ്ട്. മാത്രമല്ല ഇ-ടെണ്ടർ സംവിധാനം നിലവിൽ വന്നതു മൂലം ടെണ്ടർ സംവിധാനത്തിലെ പരാതികൾ പൂർണ്ണമായും ഒഴിവാക്കുവാനും സാധിച്ചിട്ടുണ്ട്. |
| (ഇ) | പൊതുമരാമത്ത് വകുപ്പിൽ ഏർപ്പെടുത്തിയ ഈ സംവിധാനങ്ങൾ അഴിമതി കുറയ്ക്കുന്നതിന് എത്രത്തോളം സഹായകരമായിട്ടുണ്ട് എന്നറിയിക്കുമോ? | (ഇ) | പൊതുമരാമത്ത് വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള സോഷ്യൽ ഓഡിറ്റിംഗും, ഇ-ടെണ്ടർ സംവിധാനവും പൊതുമരാമത്ത് പ്രവൃത്തികൾ സുതാര്യമാക്കുന്നതിനും പ്രവൃത്തികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും ക്രമക്കേടുകൾ ഇല്ലാതാക്കുന്നതിനും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. സോഷ്യൽ ഓഡിറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിലൂടെ പ്രവൃത്തികളുടെ മേൽനോട്ടത്തിലും ഗുണനിലവാരത്തിലും ജാഗരൂകരാകുന്നതിന് സഹായകരമായിട്ടുണ്ട്. പ്രൈസ് സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നത് വഴി പ്രവൃത്തികളുടെ നിരക്കുകളിൽ ഒരു ഏകീകൃത സ്വഭാവം നടപ്പാക്കുന്നതിനു സാധിക്കുകയും ആയതുമൂലം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള അപാകതകൾ പരിഹരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ